# മാദ്ധ്യമങ്ങൾക്ക് ദിശാസൂചി നഷ്ടപ്പെടുന്നുവോ ?

പി. സായിനാഥ്
പരിഭാഷ: കെ.ആർ. ഇന്ദിര

**70,000 ഇന്ത്യൻ കോടീശ്വരന്മാർ.... അവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു.**

*പേജ് 1, തലവാചകം, ദി ടൈംസ് ഓഫ് ഇന്ത്യ. ജൂൺ 11, 2005.*

**"അടിത്തട്ടിൽ കിടക്കുന്ന 400 മില്യൻ ആളുകൾ നിരാശപ്പെടുത്തുന്നു. അവർ സാമൂഹ്യ ബാദ്ധ്യതയുമാണ്. അഥവാ അവർക്ക് വിലയുണ്ടാവുകയാണെങ്കിൽ തന്നെ ആ വിപണമൂല്യം ഉപയോഗിക്കുക വിഷമമാണ്. അങ്ങനെയൊരു സൗഭാഗ്യം ഉണ്ടാവാനിടയില്ലതാനും.**

*എക്കണോമിക് ടൈംസ്, മാർച്ച് 26, 2005.*

ഒരുപാട് വാർത്തകളിൽ ഗ്രാമീണ ഭാരതീയർ ഉപഭോക്താക്കളായി വീക്ഷിക്കപ്പെടുന്നു, എത്ര സെൽഫോൺ വിറ്റുപോകുന്നു, എത്ര കാറുകൾ, അത്ഭുതവിത്തുകളുടെ മഹാവിജയ കഥകൾ. മഹാത്ഭുതത്തിന്റെ മറുവശം വെളിപ്പെട്ടു തുടങ്ങിയതുകൊണ്ട് ചില സംസ്ഥാനങ്ങൾ ഈ വിത്തുകൾ നിരോധിക്കാൻ തുടങ്ങിയിരിക്കുന്നു എന്നത് സാരമില്ല. രാജ്യത്തിന്റെ പൊതുപോഷക നിലവാരം അധോഗതി കാണിക്കുന്നു എന്നതും സാരമില്ല.

അടിത്തട്ടിൽ കിടക്കുന്ന 400 മില്യനെ മനുഷ്യരായിക്കാണേണ്ടതുമില്ല. (വേറൊരു രാജ്യമായിരുന്നു അവരെങ്കിൽ ലോകത്തിലെ മൂന്നാമത്തെ വലിയ ജനതയാവുമായിരുന്നു അവർ!)

1991-ൽ ഒരു ശരാശരി ഇന്ത്യൻ കുടുംബം കഴിച്ചിരുന്ന ഭക്ഷണത്തിനേക്കാൾ 100 ഗ്രാം കുറച്ചാണ് ഇപ്പോൾ കഴിക്കുന്നത്. ലോകമെങ്ങും അടിയന്തിര ശ്രദ്ധ ലഭിക്കേണ്ട കാര്യമാണിത്. മാദ്ധ്യമങ്ങളിൽ അക്കാര്യം പരാമർശിക്കപ്പെടുന്നില്ല.

നൂറുമില്യൻ ദരിദ്രർക്ക് തൊണ്ണൂറുകളിലെ നവലോകം വിലയുടെ ഗ്ലോബലൈസേഷനും വരുമാനത്തിന്റെ ഇൻഡ്യനൈസേഷനും ആയിരുന്നു. ധനികർക്കുവേണ്ടി ക്ഷേമപ്രവർത്തനം നടത്തിയ ഇന്ത്യൻ ഭരണകൂടം അക്കാലത്ത് ദരിദ്രരുടെ നേരെ മുഖം തിരിച്ചു തുടങ്ങി. നഗരത്തിലെ ബാങ്കുകൾ ഏറ്റവും ചുരുങ്ങിയ പലിശയ്ക്ക് മെഴ്സിഡസ് ബെൻസ് വാങ്ങാൻ വായ്പ കൊടുത്തു. അതേസമയം ഗ്രാമീണ വായ്പാ മേഖല പൂട്ടിക്കെട്ടി. ഗ്രാമീണരുടെ കടബാദ്ധ്യത പെരുകി. കൃഷിയിലെ നിക്ഷേപം തകർന്നു. ഒരുപാട് ജീവിതങ്ങളും ആയിരക്കണക്കിന് കർഷകർ ജീവനൊടുക്കി. ആന്ധ്രപ്രദേശിലെ ഒരു ജില്ലയിൽമാത്രം മൂവായിരം പേർ.

ഗ്രാമമേഖല തൊഴിൽ രഹിതമായി. അവിടന്നുള്ള കുടിയേറ്റം (അത് എവിടേയ്ക്കുമാകാം) ദശലക്ഷക്കണക്കിനായി. ഓരോ വർഷം കഴിയുംതോറും ആളോഹരി ഭക്ഷ്യധാന്യലഭ്യത കുറഞ്ഞുകുറഞ്ഞുവന്നു. 2002-03 ൽ അത് ബംഗാളിലെ കൊടിയ ക്ഷാമകാലത്തേതിനേക്കാൾ കുറവായി.


നമ്മുടെ സമ്പദ്ശാസ്ത്രശൗര്യത്തെ ലോകം പ്രകീർത്തിച്ചപ്പോൾ 2003-ലെ ഐക്യരാഷ്ട്ര മനുഷ്യ പുരോഗമന സൂചികയിൽ നാം 127-ാം സ്ഥാനത്തേക്ക് പതിയ്ക്കുകയായിരുന്നു വാസ്തവത്തിൽ. ഇതിനർത്ഥം ഇന്ത്യൻ പൗരനായിരിക്കുന്നതിനേക്കാൾ ഭേദം ബോട്സ്വാനയിൽ ഒരു ദരിദ്രനായിരിക്കുന്നതോ എന്തിന് പാലസ്തീൻ അധിനിവേശപ്രദേശങ്ങളിലായിരിക്കുന്നതോ പോലുമാണ് എന്നാണ്.

ഭരണകൂടം മാത്രമല്ല ദരിദ്രരിൽ നിന്ന് മുഖം തിരിച്ചത് പുതുലോകക്രമമനുസരിച്ചുള്ള ആഘോഷങ്ങളിലേക്ക് മാദ്ധ്യമങ്ങളും വഴിതിരിഞ്ഞു. കാർഷിക മേഖലയിലെ തകർച്ച അന്വേഷിക്കാൻ മുഴുനേര ലേഖകർ പത്രങ്ങൾക്കില്ല. കുടിയേറ്റവും ആത്മഹത്യയും അന്വേഷിച്ചു പോവാൻ വളരെ ചുരുക്കം പേരെയുള്ളൂ.

2005-ലെ ലാക്മേ ഇൻഡ്യാ ഫാഷൻ വീക്ക് എടുക്കാം മാദ്ധ്യമങ്ങൾ ഏത് ലോകത്താണെന്ന് അത് നന്നായി കാട്ടിത്തരുന്നു. ഉപഭോക്താക്കളുടെ മുന്നിരട്ടി പത്രപ്രവർത്തകരാണ് ഫാഷൻ വീക്കിൽ പങ്കെടുത്തത്. പ്രദർശനത്തിലേക്ക് പ്രവേശനം കിട്ടാൻ ജനങ്ങൾക്ക് ഡിസൈനർമാരെ ആശ്രയിക്കേണ്ടിവന്നു. എന്നാൽ മാദ്ധ്യമ പ്രവർത്തകർക്ക് ആ വിഷമമുണ്ടായില്ല. അവർക്ക് പ്രവേശനം ഉറപ്പായിരുന്നു.

വി.എസ്. ഗിരീശൻ






അതേസമയം എല്ലാ കർഷക തൊഴിലാളി യൂണിയനുകളും ചേർന്ന് ഡൽഹിയിൽ ഒരു പത്രസമ്മേളനം വിളിച്ചിരുന്നുവെങ്കിൽ അതിൽ അരഡസൻ പത്രപ്രവർത്തകർ പങ്കെടുക്കുമോ? പങ്കെടുത്താൽ യൂണിയനുകൾ അത് മഹാഭാഗ്യമായി കരുതണം. അവർ തലസ്ഥാനത്തെ തെരുവുകളിൽ പടുകൂറ്റൻ പ്രകടനം നടത്തിയിരുന്നെങ്കിൽ ഒരു ഫോട്ടോയിലും രണ്ടു കോളത്തിലും പത്രങ്ങൾ കാര്യം ഒതുക്കുമായിരുന്നു.

ലാക്മേ ഇൻഡ്യാ ഫാഷൻ വീക്കിനെക്കുറിച്ച് 4,00,000 വാക്കുകളാണ് അച്ചടിക്കപ്പെട്ടത്. 1000 മിനിറ്റിലധികം ടെലിവിഷൻ കവറേജ്. 800 മണിക്കൂറോളം ടിവി, വീഡിയോ ഫുട്ടേജ്. 10,000 റോൾ ഫിലിം ഇത്രയൊക്കെയും അതിനുവേണ്ടി ചെലവാക്കി.

ജനസംഖ്യയിൽ 2% ആളുകൾ മാത്രം ഡിസൈനർ വസ്ത്രങ്ങൾ ധരിയ്ക്കുന്ന ഈ രാജ്യത്ത് ഇതായിരുന്നു പ്രധാന സംഭവം. 2002 ൽ ഇന്ത്യയിലെ പ്രതിശീർഷ വസ്ത്ര ഉപയോഗം 19 മീറ്റർ മാത്രമാണ്. അത് അന്താരാഷ്ട്ര ശരാശരിയേക്കാൾ കുറവാണ്.

ഏറ്റവും പ്രചാരമുള്ള ഇംഗ്ലീഷ് വാരികയുടെ 2004 ദീവാളി സ്പെഷ്യൽ പതിപ്പ് നോക്കാം. അത് അത്യഭിമാനത്തോടെ ഒരു ഇൻഡ്യാ ഡീലക്സ്' പ്രഖ്യാപിച്ചു. രാഷ്ട്ര പുരോഗതിയെക്കുറിച്ചായിരുന്നു അതിന്റെ കവർ സ്റ്റോറി. ഇന്ത്യയിലെ 100000 കുടുംബങ്ങൾ 50 ലക്ഷത്തിനും ഒരു കോടിയ്ക്കും മേൽ വരുമാനമുള്ളവരാകും. 20000 കുടുംബങ്ങൾ ആ നിലവാരത്തിൽ എത്തിക്കഴിഞ്ഞിട്ടുണ്ട് എന്ന് അത് ഘോഷിച്ചു.

കഴിഞ്ഞ വർഷത്തെ തെരഞ്ഞെടുപ്പിനു ശേഷം കാര്യങ്ങൾ ഇങ്ങനെയാണ്. 'ഇന്ത്യ തിളങ്ങുന്നു' എന്ന അവകാശവാദം വോട്ടർമാർ തിരസ്കരിച്ചെങ്കിലും മാദ്ധ്യമങ്ങൾ അതിന് ബഹുഭൂരിപക്ഷം നൽകുകയാണുണ്ടായത്. തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനം കഴിഞ്ഞുള്ള രണ്ടുദിവസം സെൻസെക്സിൽ വന്ന ഇടിവ് തെരഞ്ഞെടുപ്പിനേക്കാൾ കൂടുതൽ ഉത്കണ്ഠയോടും ആകാംക്ഷയോടും കൂടിയാണ് മാദ്ധ്യമങ്ങൾ അവതരിപ്പിച്ചത്. വെണ്ടയ്ക്കയിൽ തലക്കെട്ട് നിരത്തിക്കൊണ്ട്. ടൈംസ് ഓഫ് ഇന്ത്യയുടെ മുൻപേജിൽ വൻതലക്കെട്ട് പ്രത്യക്ഷപ്പെട്ടു. 2.34 കോടി രൂപ നഷ്ടപ്പെട്ടു എന്ന് അവർ നിലവിളിച്ചു. ഗ്രൗണ്ട് സീറോ എന്നാണ് ഈ തകർച്ചയെ അവർ വിശേഷിപ്പിച്ചത്. റിപ്പോർട്ടിനൊപ്പമുള്ള ചിത്രം ലോകവ്യാപാരകേന്ദ്രത്തിനു നേരെയുണ്ടായ ആക്രമണം അനുകരിച്ചു കൊണ്ടുള്ളതായിരുന്നു. ദലാൽ സ്ട്രീറ്റിലെ സ്റ്റോക് എക്സ്ചേഞ്ച് കെട്ടിടം തീപിടിച്ചു പൊട്ടിത്തെറിയ്ക്കുന്നതായിരുന്നു ചിത്രത്തിൽ. റാഞ്ചിയ വിമാനം കെട്ടിടത്തിലേക്ക് ഇടിച്ചു കയറുമ്പോൾ അതിന്റെ വാലിന്മേൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അരിവാളും ചുറ്റികയും ഉണ്ടായിരുന്നു. കോൺഗ്രസ്സ് പാർട്ടി നയിക്കുന്ന ഗവൺമെന്റിനെ തങ്ങൾ പിന്തുണയ്ക്കുന്നു എന്ന് ഇടതുപക്ഷം പ്രഖ്യാപിച്ചിരുന്നതുകൊണ്ട് കാര്യങ്ങൾ വ്യക്തമായിരുന്നു. രണ്ടു ദിവസങ്ങൾക്കകം സെൻസെക്സ് പഴയ നിലയിലെത്തി.

1.15% ഇന്ത്യൻ കുടുംബങ്ങളെ സ്റ്റോക് മാർക്കറ്റിൽ നിക്ഷേപിക്കുന്നുള്ളൂ. എന്നാൽ 65% ബാങ്ക് അക്കൗണ്ട് പോലും ഇല്ലാത്തവരാണ്.

**പല വർഷങ്ങളിലായി കടബാദ്ധ്യത നിമിത്തം ആത്മഹത്യ ചെയ്ത കർഷകർക്കെല്ലാം കൂടി ലഭിച്ചതിനേക്കാൾ മാദ്ധ്യമശ്രദ്ധ മോഡൽ നഫീസാ ജോസഫിന്റെ ആത്മഹത്യക്ക് ലഭിച്ചു.** നഫീസ ഭാഗ്യമുള്ള നടിയായിരുന്നു. അകാലത്ത് പൊലിഞ്ഞ ഒരു യുവപ്രതിഭ. അത് ദുഃഖകരമായ സംഭവം തന്നെയായിരുന്നു. വാർത്ത ടിവി ചാനലുകളിൽ നിറഞ്ഞു. ബിസിനസ് വാർത്തകളിൽ പോലും അത് സ്ഥാനം പിടിച്ചു. ഫാഷൻ വ്യവസായത്തിൽ ഈ മരണം ഉണ്ടാക്കിയേക്കാവുന്ന ആഘാതത്തെക്കുറിച്ച് വിലയിരുത്തലുകൾ ഉണ്ടായി.

പത്രപ്രവർത്തനം എക്കാലത്തും സൽപ്പേരും ദുഷ്പ്പേരും നേടിയിട്ടുണ്ട്. ഓരോരോ കാലത്തെയും മഹത്കർമ്മങ്ങളിൽ പത്രപ്രവർത്തനം എത്രമാത്രം പ്രസക്തമായിരുന്നിട്ടുണ്ട് എന്നതിനെ അടിസ്ഥാനമാക്കിയാണ് ദുഷ്പേരും സൽപ്പേരും. അമേരിക്കൻ വിപ്ലവത്തിൽ തോമസ് പെയ്ൻ, ജോൺ റീഡിന്റെ 'ടെൻ ഡാറ്റ് ഷൂക്ക് ദ വേൾഡ്', മഹാത്മാഗാന്ധി, ബി.ആർ. അംബേദ്കർ, തിലക് എന്നിവരെല്ലാം അപ്രകാരം വർത്തിച്ചവരാണ്.

കഴിഞ്ഞ 15 വർഷത്തെ ഇന്ത്യൻ പത്രപ്രവർത്തനത്തിന്റെ പ്രസക്തി എന്തായിരുന്നു ? വലിയ സാങ്കേതിക മുന്നേറ്റങ്ങളൊക്കെയുണ്ടായിട്ടുണ്ട് എന്നത് ശരിതന്നെ. പക്ഷേ ഇന്ത്യൻ ഗ്രാമങ്ങളുടെ പ്രശ്നങ്ങളെ പത്രങ്ങൾ എങ്ങനെയാണ് പരിഗണിച്ചത് ?

ഐ.ടിയോ സോഫ്റ്റ് വെയറോ അല്ല. അസമത്വമാണ് ഇന്ത്യയിൽ അതിവേഗം പെരുകിവരുന്നത്. ഇക്കാര്യം പത്ര ങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്.

90-കളിൽ 'തീംവെഡ്ഡിങ്ങ്' അതിഗംഭീരമായി ആഘോഷിക്കുന്ന രീതി നിലവിൽ വന്നു. ഏതെങ്കിലും സംഭവമോ സ്മാരകമോ തെരഞ്ഞെടുത്ത് അതിന്റെ രൂപം പ്രത്യേകം നിർമ്മിച്ച് അവിടെയാണ് വിവാഹാഘോഷം നടത്തുന്നത്. കൽക്കത്തയിൽ ഒരു വിവാഹം നടന്നത് സിസ്റ്റൈൻ ചാപ്പലിന്റെ മാതൃകാ നിർമ്മിതിയ്ക്കകത്തു വെച്ചായിരുന്നു. കോട്ടകളും കൊട്ടാരങ്ങളും ഒക്കെ ഇപ്രകാരം അനുകരിക്കപ്പെടാറുണ്ട്. കാർഗിൽ യുദ്ധത്തിന്റെ മാതൃകയാണ് ഡൽഹിയിൽ ഒരു വിവാഹത്തിനുണ്ടാക്കിയത്. മഞ്ഞു മൂടിയ പടുകൂറ്റൻ ടെന്റുകളും പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയ പട്ടാളക്കാരുടെ മൃതദേഹങ്ങളും നവദമ്പതികൾ കാർഗിൽ യുദ്ധത്തെപ്പറ്റി നിശ്ചയമായും ഓർക്കണമല്ലോ!

ഇത്തരം കല്യാണങ്ങളുടെ ചെലവ് കോടിക്കണക്കിനാണ്. ലക്ഷ്മി മിത്തലിന്റെ മകളുടെ വിവാഹം മറ്റുള്ളവയെ തികച്ചും നിഷ്പ്രഭമാക്കി. വെഴ്സെയ്ൽസ് കൊട്ടാരത്തിന്റെ മാതൃകയല്ല, കൊട്ടാരം തന്നെയായിരുന്നു വേദി. ചെലവ് 60 മില്യൻ യു.എസ്. ഡോളറിനുമേൽ. **അസമത്വത്തിന്റെ ഈ പ്രകടനങ്ങളെ മാദ്ധ്യമങ്ങൾ ചോദ്യം ചെയ്യുകയല്ല ഉണ്ടായത്. അവ ആഘോഷിക്കുകയാണ്.**

ഗ്രാമങ്ങളിലെ അവസ്ഥയുമായി ഇതിനെ ഒന്ന് താരതമ്യം ചെയ്യുക. ആന്ധ്രപ്രദേശിലെ അനന്തപുരിലും കേരളത്തിലെ വയനാട്ടിലും വിവാഹങ്ങൾ തന്നെ കുറഞ്ഞിട്ടുണ്ട്. പെൺമക്കളുടെ വിവാഹം നടത്താനാവില്ല എന്നു വന്നപ്പോഴാണ് അവിടെ പല ആത്മഹത്യകളും സംഭവിച്ചത്. പിതാക്കളുടെ മരണത്തിന് കാരണക്കാർ തങ്ങളാണ് എന്ന് സ്വയം പിഴച്ചു കൊണ്ട് പല പെൺമക്കളും ആത്മഹത്യ ചെയ്തിട്ടുണ്ട്.

കർഷകരുടെ ആത്മഹത്യ ഒരു രോഗമല്ല, രോഗലക്ഷണമാണ്. ഗ്രാമമേഖലയിലെ കടുത്ത നിരാശയുടെ പ്രതിഫലനമാണത്. പ്രശ്നം പഠിയ്ക്കാനായി ഡോ. എം.എസ്. സ്വാമിനാഥന്റെ നേതൃത്വത്തിൽ ദേശീയ കർഷക കമ്മീഷൻ രൂപവത്കരിച്ചു മൻമോഹൻസിങ്ങ് ഗവൺമെന്റ്. (കമ്മീഷന്റെ സമ്മേളനത്തിന് ദേശീയ മാദ്ധ്യമങ്ങളുടെ ശ്രദ്ധ തീരെ ലഭിച്ചില്ല എന്ന് പറഞ്ഞുകൊള്ളട്ടെ.) സമ്മേളനത്തിൽ ശക്തമായ എതിർപ്പുകളുമായി പലവിഭാഗത്തിൽപ്പെട്ടവരും സംബന്ധിച്ചു. അക്ഷരാർത്ഥത്തിൽ തീപ്പൊരി പാറി അവിടെ. ബാങ്കർമാരെയും കർഷകരെയും ഒരു മുറിയിൽ ഒന്നിച്ചാക്കുക എന്നാൽ ഒരു കലാപം സൃഷ്ടിക്കുക എന്നാണർത്ഥം.

കൃഷിക്കാരും തൊഴിലാളി സംഘടനകളും ബാങ്കുകളുടെ മേലുദ്യോഗസ്ഥന്മാരും ഇൻഷൂറൻസ് ഓഫീസർമാരും ശാസ്ത്രജ്ഞരും പത്രപ്രവർത്തകരും സമ്മേളനത്തിലുണ്ടായിരുന്നു. രണ്ടു കാര്യങ്ങളിൽ അവർക്ക് അഭിപ്രായ ഐക്യമുണ്ടായി.

ഒന്ന്: ഇന്ത്യൻ ഗ്രാമങ്ങൾ ദുർവഹമായ ഒരു കാലഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്.

രണ്ട്: അത് രാഷ്ട്രത്തിന്റെ നയവൈകല്യം നിമിത്തം ഉണ്ടായതാണ്.

ഈ വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ അവർ അന്യോന്യം കുറ്റപ്പെടുത്തി. ഏതേതെല്ലാം നയങ്ങളിലാണ് വ്യതിയാനം വേണ്ടത്. എന്തിലെല്ലാമാണ് നയരൂപീകരണം ആവശ്യമുള്ളത് എന്ന കാര്യത്തിൽ അവർ വിയോജിച്ചു.

സമ്മേളനത്തിൽ ചില സവിശേഷ വസ്തുതകൾ അവതരിപ്പിയ്ക്കപ്പെട്ടു. ആന്ധ്രപ്രദേശ് കിസാൻ സഭ അവിടത്തെ ചെലവിന്റെയും ഉൽപ്പന്നത്തിന് ലഭിക്കുന്ന വിലയുടെയും കൃത്യമായ വിവരങ്ങൾ അവതരിപ്പിച്ചു.

വാറംഗലിൽ 8 ഏക്കർ നെൽകൃഷിയുള്ള ഒരാൾ ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. നെൽകൃഷിയിൽ നിന്നുള്ള വാർഷിക വരുമാനം 600 മുതൽ 900 വരെയായി കുറഞ്ഞിരിക്കുന്നു. ഇതൊക്കെ മാദ്ധ്യമങ്ങൾ എങ്ങനെ ശ്രദ്ധിക്കും ? സുവർണ്ണ കാലഘട്ടം ആഘോഷിച്ചുകൊണ്ടിരിക്കുമ്പോൾ അത് അസാദ്ധ്യം.

മാദ്ധ്യമങ്ങൾ എന്തുചെയ്തു ? ബാങ്കിങ്ങ് പരിഷ്കാരങ്ങളുടെ പേരിൽ അവർ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിന് വലിയ വാർത്താ പ്രാധാന്യം നല്കി. എന്നാൽ 1991 മുതൽ ഗ്രാമീണ ബാങ്കുകൾ തകർന്നു കൊണ്ടിരിക്കുകയാണ് എന്ന കാര്യത്തെപ്പറ്റി അവർ ഒന്നും പറഞ്ഞതേയില്ല. 1969 നും 1990 നും ഇടയിൽ ഗ്രാമീണ ബാങ്കുകളുടെ എണ്ണം മൂന്നിരട്ടിയായി. സാമ്പത്തിക പരിഷ്കരണം തുടങ്ങിയപ്പോൾ അവ ഓരോന്നോരോന്നായി പൂട്ടാൻ തുടങ്ങി. ഡോ. പി.എസ്.എം. റാവു പറഞ്ഞതുപോലെ 1990 ൽ 35000 ത്തോളം ഗ്രാമീണബാങ്ക് ശാഖകളുണ്ടായിരുന്നു. ഇപ്പോഴത് പകുതിയോളമേയുള്ളു. ബാങ്കുകൾ എത്രയ്ക്കെത്രയ്ക്ക് തകരുന്നുവോ അത്രയ്ക്കത്രയ്ക്ക് ഹുണ്ടികപ്പലിശക്കാർ തഴയ്ക്കുന്നു. പരിഷ്കരണകാലത്ത് ധനികർക്ക് ബാങ്കുകൾ 6% പലിശയ്ക്ക് മെഴ്സിഡസ് ബെൻസ് വാങ്ങാൻ വായ്പ നൽകി. എന്നാൽ ഒരു കർഷകന് ട്രാക്റ്റർ വാങ്ങാൻ വായ്പ കിട്ടണമെങ്കിൽ അതിന്റെ രണ്ടോ മൂന്നോ ഇരട്ടി പലിശ നൽകേണ്ടതുണ്ടായിരുന്നു.

ദരിദ്രർക്കിടയിൽ പടരുന്ന വിശപ്പ് വൻ പ്രശ്നമാണ്. ഇന്ത്യയിലെ പോഷകക്കുറവുള്ളവരുടെ എണ്ണമെടുത്താൽ അത് ആഫ്രിക്കയിലെ സഹാറൻ രാഷ്ട്രങ്ങൾ മുഴുവൻ കൂടിയാലുള്ളതിനേക്കാൾ കൂടുതലായിരിക്കും.

ഐക്യരാഷ്ട്ര സംഘടനയുടെ ഭക്ഷ്യകൃഷി സംഘടനയിൽനിന്ന് ഭീതിദമായ മറ്റൊരു കണക്ക് പുറത്തുവരുന്നു. എഫ്.എ.ഒ. യുടെ 2003 ലെ ലോകഭക്ഷ്യ സുസ്ഥിരതയെ സംബന്ധിച്ച റിപ്പോർട്ടിൽ 19 രാജ്യങ്ങളിലെ കൊടും പട്ടിണിക്കാരുടെ മൊത്തം എണ്ണം 18 മില്യനായിക്കുറഞ്ഞതിൽ സന്തോഷം രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഇന്ത്യയിൽ അത് 96-97 ൽ 19 മില്യനായി ഉയർന്നു. 19 മില്യൻ എന്നാൽ ഓസ്ട്രേലിയയിലെ ജനസംഖ്യയ്ക്കു തുല്യമാണ്. ഈ കാലഘട്ടത്തിൽ വിശക്കുന്നവരുടെ എണ്ണം ഇന്ത്യയിൽ വർദ്ധിച്ചപ്പോൾ എത്യോപ്യയിൽ അത് കുറയുകയാണ് ചെയ്തത്. അഞ്ചു സെക്കന്റിൽ ഒരു കുഞ്ഞ് ലോകത്തിൽ വിശപ്പു കൊണ്ട് മരിക്കുന്നുണ്ട്. അതിൽ ഇന്ത്യൻ കുട്ടികളാണ് ഏറെയും. സ്വതന്ത്രഭാരതത്തിലാദ്യമായി സുപ്രീം കോടതി ആറ് സംസ്ഥാന ഗവൺമെന്റുകളെ പട്ടിണി മരണത്തിന്റെ പേരിൽ ശാസിക്കുകയുണ്ടായി. സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർ വ്യക്തിപരമായി ഇത്തരം പ്രശ്നങ്ങൾക്കുത്തരവാദികളാണെന്ന് കോടതി ചൂണ്ടിക്കാട്ടി. മാദ്ധ്യമങ്ങൾ ഒന്നും ചെയ്യാത്തിടത്ത് കോടതിയ്ക്ക് ഇക്കാര്യം ഗൗരവത്തിലെടുക്കാൻ കഴിഞ്ഞല്ലോ.

അടിസ്ഥാന സേവനമേഖലയുടെ സ്വകാര്യവൽക്കരണം ഗുരുതരമായ ഒരു പ്രശ്നമാണ്. 'ആരോഗ്യം ധനമാണ്' അത്

കോടിക്കണക്കിന് രൂപ അവരുടെ പോക്കറ്റിലേക്കെത്തിക്കുന്നു. പാവപ്പെട്ടവർക്ക് ആരോഗ്യം നേടാനുള്ള സാദ്ധ്യത കുറഞ്ഞുവരികയും ചെയ്യുന്നു. ഗ്രാമീണരുടെ കടബാദ്ധ്യതയ്ക്കുള്ള രണ്ടാമത്തെ കാരണം ആരോഗ്യമാണ് എന്നു വന്നിരിക്കുന്നു. തെലുങ്കാനയിലെയും വിദർഭയിലെയും കർഷകർ കടം വീട്ടാൻ ഭൂമി പണയം വെയ്ക്കുന്ന സംഭവങ്ങൾ നമുക്കറിയാം.

21% ഗ്രാമീണർ രോഗങ്ങൾക്ക് ചികിത്സ തേടാതെയായിരിക്കുന്നു. ഒരു ദശകം മുമ്പ് അത് 11% മാത്രമായിരുന്നു. അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കുന്നതുപോലും ഗ്രാമീണർക്ക് വിഷമകരമായിരിക്കുന്നു. തൊഴിലില്ലായ്മ നിമിത്തം. പാവങ്ങളെ സംബന്ധിച്ചിടത്തോളം തൊഴിലില്ലായ്മ എന്നാൽ ഭക്ഷണമില്ലായ്മ എന്നാണർത്ഥം. വിശേഷിച്ചും കുടുംബത്തിൽ ഏറ്റവും ഒടുവിൽ ഭക്ഷണം കഴിക്കുന്ന ഇന്ത്യൻ ഗ്രാമീണ സ്ത്രീക്ക്.

ആരോഗ്യത്തിനുവേണ്ടി ജിഡിപി യുടെ ഒരു ശതമാനത്തിൽ താഴെ മാത്രമേ ഈ രാജ്യം ചെലവാക്കുന്നുള്ളു. പൊതുജനാരോഗ്യത്തിനുവേണ്ടി സർക്കാർ ചെലവാക്കുന്ന പണത്തിന്റെ കാര്യത്തിൽ ഇന്ത്യ 192 ൽ 189-ാം സ്ഥാനത്താണ്.

ഇനിയിതാ അടിസ്ഥാന അവകാശങ്ങളുടെ സ്വകാര്യവൽക്കരണം. അതിൽ ഏറ്റവും പുതിയത് ജലം. ഏത് വൻ പ്രതിസന്ധിയും ഒന്നല്ലെങ്കിൽ മറ്റൊരു വഴിയ്ക്ക് ജലവുമായി ബന്ധപ്പെട്ടിരിക്കുന്ന നാടാണിത്. കർണാടകവും തമിഴ്നാടും തമ്മിലുള്ള കാവേരീ നദീജലതർക്കം, കബനീ നദിയെ ചൊല്ലിയുള്ള കേരള കർണ്ണാടക വഴക്ക്, ആന്ധ്രപ്രദേശും കർണ്ണാടകവും തമ്മിലുള്ള അൽമാട്ടി ഡാം തർക്കം, ആന്ധ്രപ്രദേശിനകത്തുള്ള കൃഷ്ണാ നദീജല തർക്കം എന്നിവ നോക്കുക. 1980 കളിലെ പഞ്ചാബ് പ്രശ്നം യഥാർത്ഥത്തിൽ രാജസ്ഥാനും ഹരിയാനയും പഞ്ചാബും തമ്മിലുള്ള ജലത്തർക്കവുമായി ബന്ധമുള്ളതായിരുന്നു.

ജലത്തർക്കങ്ങൾ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത തലങ്ങളിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചേക്കാം. അതിലേക്ക് മാദ്ധ്യമങ്ങളും വേണ്ടത്ര സംഭാവന നൽകുന്നുണ്ട്. അതിനിടെ മഹാരാഷ്ട്രയ്ക്ക് വേൾഡ് ബാങ്ക് 1700 കോടി രൂപ നൽകിയിരിക്കുന്നു. ജല സ്വകാര്യവൽക്കരണത്തിനുവേണ്ടി.

നാഗ്പൂരിലെ ഗ്രാമമേഖലയിൽ 45-48 സെന്റിഗ്രേഡിൽ വേനൽക്കാലം കത്തിക്കാളിയപ്പോഴും വാട്ടർ തീം പാർക്കുകളും സ്നോ ഡോമുകളും പ്രവർത്തിച്ചു. ഗ്രാമീണർക്ക് അഞ്ചോ പത്തോ നാളുകളിൽ ഒരിക്കൽ മാത്രം വെള്ളം കിട്ടിക്കൊണ്ടിരുന്നയിടത്താണ് ഇതിലൊന്ന് പ്രവർത്തിച്ചിരുന്നത്.

ദരിദ്രരുടെ ജീവിതത്തിനു നേരെയുള്ള ആക്രമണത്തിൽ ആന്ധ്രപ്രദേശാണ് ഒന്നാം സ്ഥാനത്ത്. അവിടെ നെയ്ത്തുകാരും മറ്റു തൊഴിലാളികളുമെല്ലാം തകർന്നുകൊണ്ടിരിക്കുകയാണ്. കൃഷി തകർന്നപ്പോൾ തെലുങ്കാനയിലെ മരപ്പണിക്കാർക്ക് തൊഴിലില്ലാതായി. ഒരു പുതിയ കലപ്പപോലും പണിയാനില്ലാതെ, ഒരു പുതിയ കാളവണ്ടിപോലും നിർമ്മിക്കാനില്ലാതെ, ഒരു കർഷകന്റെയും പണിയായുധങ്ങൾ പുതുക്കാൻ കിട്ടാതെ അത് മരപ്പണിക്കാരെ തകർത്തു കളഞ്ഞു (ഓർക്കുക - ഈ ആന്ധ്രപ്രദേശിനെയാണ് മോഡൽ സ്റ്റേറ്റ് എന്ന് മാദ്ധ്യമങ്ങൾ പൊക്കിക്കാട്ടിയിരുന്നത്. ചന്ദ്രബാബു നായിഡുവിന് ലഭിച്ച അത്രയും മാദ്ധ്യമശ്രദ്ധ മറ്റേതൊരു മുഖ്യമന്ത്രിയ്ക്കാണ് ലഭിച്ചിട്ടുള്ളത് ?) അവർ കടത്തിൽ മുങ്ങി. ലക്ഷക്കണക്കിനാളുകൾ ബസ്സിലും തീവണ്ടികളിലുമായി തൊഴിൽ തേടി അന്യസംസ്ഥാനങ്ങളിലേക്ക് യാത്രയായി. ആന്ധ്രയിലെ മഹാബൂബ് നഗറിൽ നിന്ന് മുംബെയിലേക്ക് 1993 ൽ ആഴ്ചയിൽ ഒരു ബസ്സാണ് ഓടിയിരുന്നത്. 2003 ൽ 47 ഉം.

വയനാട് കേരളത്തിലെ സമ്പന്നമായ ഒരു ജില്ലയായിരുന്നു. നാണ്യവിളകൾ വഴി ഭീമമായ വിദേശനാണ്യം നേടിത്തന്നിരുന്ന സ്ഥലം. ഇപ്പോൾ നമ്മുടെ നയവും WTO യും കാരണം നശിച്ച ഒരിടമായി തീർന്നിരിക്കുന്നു അത്. ലണ്ടനിൽ കാപ്പിയുടെ വില കുതിച്ചുയരുന്നു. എന്നാൽ വയനാട്ടിലെ കാപ്പിക്കർഷകർ ആത്മഹത്യ ചെയ്യുന്നു. വയനാട്ടിൽ നിന്ന് കുടിയേറ്റം വളരെ കുറവും വയനാട്ടിലേക്ക് കുടിയേറ്റം വളരെ കൂടുതലുമായിരുന്നു പണ്ട്. ഇന്ന് അത് വിപരീതാവസ്ഥയിലാണ്. മാനന്തവാടിയിൽനിന്ന് കർണ്ണാടകത്തിലേക്ക് ദിവസം 6 ബസ്സാണ് 1995-ൽ ഉണ്ടായിരുന്നത്. ഇപ്പോഴത് 24 ആണ്.

ബലം പ്രയോഗിച്ച് ഗ്രാമീണരെ മാറ്റിപ്പാർപ്പിക്കുന്ന രീതിയുമുണ്ട് രാജ്യമെങ്ങും. ആദിവാസികൾ അവരുടെ ഭൂമി സംരക്ഷിക്കാൻ പൊരുതുന്നു. രാജാജി നാഷണൽ പാർക്കിനു ചുറ്റും നിന്ന് തദ്ദേശവാസികൾ ഒഴിപ്പിക്കപ്പെട്ടതുപോലെ.

എന്തുകൊണ്ട് ഇതൊന്നും മാദ്ധ്യമങ്ങൾ പരിഗണിക്കുന്നില്ല. പൂർവാബദ്ധങ്ങൾ ഒരു കാരണം തന്നെ. **അജ്ഞത, ധനമോഹം, പടർന്നുവരുന്ന ഏകാധിപത്യപ്രവണത എളിയ ശബ്ദങ്ങളെ അടിച്ചമർത്തുന്നത്, മാദ്ധ്യമങ്ങൾ കച്ചവട സ്ഥാപനങ്ങൾ മാത്രമാകുന്നത് എല്ലാം കാരണമാകുന്നു. സമൂഹവുമായി ബന്ധപ്പെടാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന മാദ്ധ്യമ പ്രവർത്തകർക്ക് അത് സാധിക്കാതെ വരുന്നതുകൊണ്ടുള്ള വ്യഥ അവരിൽ വളർന്നുകൊണ്ടിരിക്കുന്നു.**

പക്ഷേ മാദ്ധ്യമങ്ങൾക്ക് നവലോകാദർശങ്ങൾ അപ്രമാദമാണ്. അവർ ലോകത്തിന്റെ കമ്പോള മൗലികവാദം ആഘോഷിക്കുന്നു. എല്ലാ വിജയങ്ങളും ആഗോളീകരണത്തിന്റേതാണ്. എല്ലാ പരാജയങ്ങളും രാഷ്ട്രത്തിന്റേതും. ഭരണകൂടം എത്ര ചുരുങ്ങുന്നുവോ, സ്റ്റേറ്റ് എത്രകുറച്ച് ഇടപെടുന്നുവോ അത്രയ്ക്ക് നല്ലതാണ് എന്നൊരു ധാരണ കൂടി ഇപ്പോഴുണ്ട്. ഈ വിശ്വാസങ്ങളെയും കല്പനകളെയും ചോദ്യം ചെയ്യുന്നത് ആശാസ്യമല്ല. ഒരു പത്രപ്രവർത്തകൻ എന്ന നിലയിൽ നിങ്ങളൊന്നു ചോദ്യം ചെയ്തുനോക്കൂ. നിങ്ങൾ പ്രതിലോമകാരിയായി ചിത്രീകരിക്കപ്പെടും. മറിച്ച് കോർപ്പറേറ്റ് പ്രസ് റിലീസുകൾ വാർത്തയായങ്ങനെ കൊടുത്തു കൊണ്ടിരിക്കൂ. നിങ്ങൾ പ്രൊഫഷണലാവും!

മാദ്ധ്യമങ്ങൾക്ക് അവയുടെ ദിശാസൂചി നഷ്ടപ്പെട്ടിരിക്കുന്നു. അതോടൊപ്പം ദയയും. മാദ്ധ്യമങ്ങളുടെ സദാചാര ലോകം വളരെ വഷളായിക്കഴിഞ്ഞതായി പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനായ പ്രൊഫ. പ്രഭാത് പട്നായ്ക് അഭിപ്രായപ്പെട്ടിട്ടുണ്ട്. മാദ്ധ്യമങ്ങളുടെ സാങ്കേതികമുന്നേറ്റം കൊണ്ടൊന്നും അത് മറയ്ക്കാനാവില്ല. സ്വാതന്ത്ര്യ സമര കാലത്ത് ഇന്ത്യൻ പത്രങ്ങൾക്ക് വ്യത്യസ്ത വീക്ഷണങ്ങളുണ്ടായിരുന്നു. അവയിലധിഷ്ഠിതമായ വാശിയേറിയ ചർച്ചകളും നടത്തിയിരുന്നു. അവയ്ക്ക് വൈവിദ്ധ്യവും സമ്പുഷ്ടിയുമുണ്ടായിരുന്നു. ഇന്ന് മാദ്ധ്യമങ്ങൾക്ക് വേറെ താല്പര്യങ്ങളുണ്ട്. അതിന് എല്ലായിടത്തും ഒരേ സ്വഭാവമാണ്. എന്നിട്ടും പല യുവ പത്രപ്രവർത്തകരും മെച്ചപ്പെട്ടതെന്തെങ്കിലും ചെയ്യണം എന്ന് ആഗ്രഹമുള്ളവരാണ്.

തുടർച്ച പേജ് 17 ൽ